# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2007 — 26-03-2013-ൽ മറുപടിക്ക്

## മീറ്റർ റീഡിംഗ് എടു ക്കുന്നതിലെ അപാകതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | സംസ്ഥാനത്ത് എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും മീറ്റർ റീഡിംഗ് എടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ക്രമീകരണങ്ങൾ വിശദ മാക്കുമോ ; | (എ) | 10 കിലോവാട്ടിൽ താഴെ കണക്ടഡ് ലോഡ് ഉള്ള ഗാർഹികേതര ഉപഭോക്താക്കൾക്കും 20 കിലോവാട്ടിൽ താഴെ കണക്ടഡ് ലോഡ് ഉള്ള ഗാർഹിക ഉപഭോക്താക്കൾക്കും രണ്ട് മാസത്തിലൊരിക്കലും ഇതിൽ ഉൾപ്പെടാത്ത ഉപഭോക്താക്കൾക്ക് മാസത്തിലൊരിക്കലും മീറ്റർ റീഡിംഗ് എടുക്കുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | രണ്ട് മാസത്തിലൊരിക്കൽ ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നിശ്ചിത ദിവസം എടുക്കാറുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | നിശ്ചിത ദിവസങ്ങളിൽ മീറ്റർ റീഡിം ഗ് എടുക്കാതിരി ക്കുകയും അതിൽ കാല താമസമുണ്ടാകുമ്പോൾ ഉപ - ഭോഗം അടുത്ത സ്ലാബിലേക്ക് കട ക്കുകയും ചെയ്യുന്നതുകാരണം ഉപഭോക്താവിന് ഭാരിച്ച തുക നൽകേണ്ടിവരുന്നതായുള്ള പരാതികൾ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിക്കുന്നുണ്ടോ ; | (സി) യും (ഡി) യും | ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം റീഡിംഗ് എടുക്കാൻ സാധിക്കാതെ വന്നാൽ ഉപഭോക്താവിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കാത്ത വിധത്തിൽ പ്രോറേറ്റാ അനുസരിച്ചാണ് ബില്ല് നൽകിവരുന്നത്. |
| (ഡി) | സംസ്ഥാനത്ത് ഇപ്രകാരം ഉപഭോക്താക്കളിൽ നിന്ന്വലിയ തുക ഉപഭോക്താവിന്റേതല്ലാത്ത കാരണ | | |

ത്താലുംവൈദ്യുതി ബോർഡ് ഉദ്യോ ഗസ്ഥരുടെ അലംഭാവം കാരണമായും ഈടാക്കുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഉപഭോക്താവിന് ഇപ്രകാരമുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുവാൻ നിശ്ചിത ദിവസം തന്നെ മീറ്റർറീഡിംഗ് എടുക്കുന്നതിനും അതിൽ വീ ഴ്ച വരുത്തി ഉപഭോക്താവി നുമേൽ ബാധ്യത വരുത്തുന്ന ഉദ്യോഗസ്ഥ രുടെ മേൽ നടപടി സ്വീ കരിക്കുന്നതിനും നിർദ്ദേശം നൽകുമോയെന്നറിയിക്കുമോ? | (ഇ) | **നിർദ്ദേശം നൽകാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ.